**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **28-01-2026 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾ സംസ്ഥാനത്തെ സാമ്പത്തികമായി കൂടുതൽ സമ്മർദ്ദത്തിലാക്കാനുദ്ദേശിച്ചുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകി പോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിന് ഉണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ, സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles)KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 3323 കോടി രൂപയും 01.04.2025 ന് മുൻപ് single nodal account ലേയ്ക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തത്ഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ (കടമെടുപ്പിൽ) ആകെ 20309.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം വരവിലുണ്ടാകുന്ന കുറവ്, തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകൾ കുറച്ചും പരിഹരിക്കുക പ്രായോഗികമല്ല. അതിന്റേതായ ബുദ്ധിമുട്ടുകൾ സർക്കാർ അഭിമുഖീകരിക്കുന്നുണ്ട്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുക്കാറുണ്ടോ; കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര സർക്കാരിന്റെ പ്രാമുഖ്യം സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളെ ഗണ്യമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം 25:75, 33.33:66.67, 50:50, 60:40, 75:25, 80:20 & 100:0 എന്നിങ്ങനെയാണ്. PFMS ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കാണാം. |

| ക്രമ നം. | കേന്ദ്ര-സംസ്ഥാന അനുപാതം | SLS ന്റെ എണ്ണം |
|---|---|---|
| 1 | 25:75 | 1 |
| 2 | 33.33:66.67 | 1 |

| | | |
|---|---|---|
| 3 | 50:50 | 21 |
| 4 | 60:40 | 122 |
| 5 | 75:25 | 3 |
| 6 | 80:20 | 2 |
| 7 | 100:0 | 51 |

2021-22 സാമ്പത്തിക വർഷം മുതൽ പുതുതായി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും 60:40 അനുപാതത്തിൽ ഉള്ളതിനാൽ, സംസ്ഥാന വിഹിതത്തിലെ ചെലവ് ടി സാമ്പത്തിക വർഷം മുതൽ വർദ്ധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 100% കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകളിൽ മാറ്റം വരുത്തുവാൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 2016-17 സാമ്പത്തിക വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെയും 2018-19 വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെയും സംസ്ഥാന വിഹിതം 25% എന്നത് 40% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 90:10 എന്ന് ആയിരുന്നു. പുതുതായി പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത് - ഗാരന്റി ഫോർ റോസ്ഗർ ആൻഡ് അജിവിക മിഷൻ (ഗ്രാമീൺ)' നിയമത്തിൽ അതിന്റെ അനുപാതത്തിൽ ഭേദഗതി ഉണ്ടായിട്ടുള്ളതും ആയതു 60:40 ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന് ഉണ്ടാകും. നിലവിൽ ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ചെലവ് കേന്ദ്രസർക്കാർ ആണ് നിർവഹിച്ചിരുന്നത്. പുതിയ നിയമം നടപ്പിലാക്കി തുടങ്ങുമ്പോൾ സംസ്ഥാനത്തിനു അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

അമൃത് ഒന്നാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരം 9 നഗരസഭകൾക്ക് (6 കോർപ്പറേഷനുകളും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) പദ്ധതി തുകയുടെ 50% ആണ് കേന്ദ്ര വിഹിതം.

അമൃത് രണ്ടാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരമുള്ള കേന്ദ്ര വിഹിതം ചുവടെ കാണും പ്രകാരമാണ് :-

1. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്ക് 33.33%
(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
2. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 33.33% (ആലപ്പുഴ, കോട്ടയം, പാലക്കാട്)
3. ഒരു ലക്ഷത്തിനു താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50% (ബാക്കി 84 നഗരസഭകൾക്ക്)

അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറഞ്ഞിട്ടുണ്ട്. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ 1/3 മാത്രമേ കേന്ദ്ര വിഹിതമായി ലഭിക്കുന്നുള്ളു. നിലവിൽ അംഗീകരിച്ചിട്ടുള്ള കാറ്റഗറി (1) ലും (2)ലും പെടുന്ന നഗരസഭകൾക്ക് 714.84 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഈ നഗരസഭകൾക്ക് 50% ആണ് കേന്ദ്ര വിഹിതമെങ്കിൽ 1072.26 കോടി രൂപ ലഭിക്കുമായിരുന്നു. നിലവിൽ 357.42 കോടി കേന്ദ്ര വിഹിതത്തിന്റെ കുറവ് കണക്കാക്കാം. ഇത് സംസ്ഥാനത്തിനും നഗരസഭകൾക്കും അധിക ബാധ്യതയാണ്.

ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം നിലവിൽ 60:40 എന്ന അനുപാതത്തിലാണ്. 2007-08 മുതൽ 2011-12 വരെ കേന്ദ്ര സംസ്ഥാന വിഹിതം 85:15 എന്ന അനുപാതത്തിലും, 2012-13 മുതൽ 2014-15 വരെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലും, 2015-16 മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലുമാണ് നൽകി വരുന്നത്. കേന്ദ്രം അംഗീകരിക്കുന്ന പദ്ധതികളുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് നിലവിലെ 40% വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്.

(സി) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ പുനഃക്രമീകരിച്ചതുമൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം 25:75, 33.33:66.67, 50:50, 60:40, 75:25, 80:20 & 100:0 എന്നിങ്ങനെയാണ്. PFMS ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കണ്ടാലും.

| ക്രമ നം. | കേന്ദ്ര-സംസ്ഥാന അനുപാതം | SLS ന്റെ എണ്ണം |
|---|---|---|
| 1 | 25:75 | 1 |
| 2 | 33.33:66.67 | 1 |
| 3 | 50:50 | 21 |
| 4 | 60:40 | 122 |
| 5 | 75:25 | 3 |
| 6 | 80:20 | 2 |
| 7 | 100:0 | 51 |

2021-22 സാമ്പത്തിക വർഷം മുതൽ പുതുതായി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും 60:40 അനുപാതത്തിൽ ഉള്ളതിനാൽ, സംസ്ഥാന വിഹിതത്തിലെ ചെലവ് ടി സാമ്പത്തിക വർഷം മുതൽ വർദ്ധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ്

ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 100% കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകളിൽ മാറ്റം വരുത്തുവാൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 2016-17 സാമ്പത്തിക വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെയും 2018-19 വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെയും സംസ്ഥാന വിഹിതം 25% എന്നത് 40% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 90:10 എന്ന് ആയിരുന്നു. പുതുതായി പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത് - ഗാരന്റി ഫോർ റോസ്ഗർ ആൻഡ് അജിവിക മിഷൻ (ഗ്രാമീൺ)' നിയമത്തിൽ അതിന്റെ അനുപാതത്തിൽ ഭേദഗതി ഉണ്ടായിട്ടുള്ളതും ആയതു 60:40 ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന് ഉണ്ടാകും. നിലവിൽ ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ചെലവ് കേന്ദ്രസർക്കാർ ആണ് നിർവഹിച്ചിരുന്നത്. പുതിയ നിയമം നടപ്പിലാക്കി തുടങ്ങുമ്പോൾ സംസ്ഥാനത്തിനു അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

അമൃത് ഒന്നാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരം 9 നഗരസഭകൾക്ക് (6 കോർപ്പറേഷനുകളും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) പദ്ധതി തുകയുടെ 50% ആണ് കേന്ദ്ര വിഹിതം.

അമൃത് രണ്ടാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരമുള്ള കേന്ദ്ര വിഹിതം ചുവടെ കാണും പ്രകാരമാണ് :-

1. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്ക് 33.33% (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
2. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 33.33% (ആലപ്പുഴ, കോട്ടയം, പാലക്കാട്)
3. ഒരു ലക്ഷത്തിനു താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50% (ബാക്കി 84 നഗരസഭകൾക്ക്)

അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറഞ്ഞിട്ടുണ്ട്. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ 1/3 മാത്രമേ കേന്ദ്ര വിഹിതമായി ലഭിക്കുന്നുള്ളൂ. നിലവിൽ അംഗീകരിച്ചിട്ടുള്ള കാറ്റഗറി (1) ലും (2)ലും പെടുന്ന നഗരസഭകൾക്ക് 714.84 കോടി രൂപയാണ് കേന്ദ്ര വിഹിതമായി

| | | | |
|---|---|---|---|
| | | | ലഭിക്കുന്നത്. ഈ നഗരസഭകൾക്ക് 50% ആണ് കേന്ദ്ര വിഹിതമെങ്കിൽ 1072.26 കോടി രൂപ ലഭിക്കുമായിരുന്നു. നിലവിൽ 357.42 കോടി കേന്ദ്ര വിഹിതത്തിന്റെ കുറവ് കണക്കാക്കാം. ഇത് സംസ്ഥാനത്തിനും നഗരസഭകൾക്കും അധിക ബാധ്യതയാണ്.<br><br>ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം നിലവിൽ 60:40 എന്ന അനുപാതത്തിലാണ്. 2007-08 മുതൽ 2011-12 വരെ കേന്ദ്ര സംസ്ഥാന വിഹിതം 85:15 എന്ന അനുപാതത്തിലും, 2012-13 മുതൽ 2014-15 വരെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലും, 2015-16 മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലുമാണ് നൽകി വരുന്നത്. കേന്ദ്രം അംഗീകരിക്കുന്ന പദ്ധതികളുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് നിലവിലെ 40% വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണ ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഒരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ